"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഓഫീസ് അറ്റന്റന്റായ ശ്രീ.എബി ചാക്കോയ്ക്ക് അനുവദിച്ച പ്രത്യേക അവശതാ അവധി പരിവർത്തനപ്പെടുത്തി ഹോസ്പിറ്റൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.544/2025/TAXES തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. 20/09/2024 ലെ സ.ഉ.(സാധാ)നം.845/2024/Taxes
2. 07/01/2025 ലെ സ.ഉ.(സാധാ)നം.28/2025/Taxes
3. ശ്രീ.എബി ചാക്കോയുടെ 20/01/2025 ലെ അപേക്ഷ
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 29/03/2025 ലെ SLTY/4050/2024-E4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഓഫീസ് അറ്റന്റന്റ് ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.എബി ചാക്കോയ്ക്ക് ഔദ്യോഗിക കൃത്യനിർവ്വണത്തിനിടെ ഉണ്ടായ വാഹന അപകടത്തെത്തുടർന്ന് പരാമർശം (1), (2) പ്രകാരം കെ.എസ്.ആർ. ഭാഗം 1 ചട്ടം 98-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ യഥാക്രമം 06.07.2024 മുതൽ 03.10.2024 വരെ 90 ദിവസത്തെയും 04.10.2024 മുതൽ 29 ദിവസത്തെയും പ്രത്യേക അവശതാ അവധി അനുവദിച്ചിരുന്നു.

2. എന്നാൽ പരാമർശം (1), (2) എന്നിവ പ്രകാരം അനുവദിച്ച പ്രത്യേക അവശതാ അവധി കെ.എസ്.ആർ. ഭാഗം 1 ചട്ടം 103 പ്രകാരമുള്ള ഹോസ്പിറ്റൽ ലീവ് ആയി പരിവർത്തനം ചെയ്യുന്നതിനും, പരിക്ക് ഭേദമാകാത്തതിനാൽ തുടർചികിത്സ ആവശ്യമുള്ളതിനാലും 01.04.2025 വരെ ടി അവധി ദീർഘിപ്പിച്ച് നല്കുന്നതിനും പരാമർശം (3) പ്രകാരം ശ്രീ. എബി ചാക്കോ സമർപ്പിച്ച അപേക്ഷ തുടർനടപടി ശിപാർശയോടെ പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഓഫീസ് അറ്റന്റന്റായ ശ്രീ. എബി ചാക്കോയ്ക്ക് 06.07.2024 മുതൽ 119 ദിവസത്തേയ്ക്ക് അനുവദിച്ച പ്രത്യേക അവശതാ അവധി, കെ.എസ്.ആർ. ഭാഗം I, ചട്ടം 89 (i) ന് ചുവടെയുള്ള രണ്ടാം പ്രൊവിസോ, ചട്ടം 76 ന് ചുവടെയുള്ള രണ്ടാം പ്രൊവിസോ എന്നിവ പ്രകാരം പരിവർത്തനം ചെയ്ത് ടി കാലയളവ് ഉൾപ്പെടെ

**06.07.2024** മുതൽ **01.04.2025** വരെ കെ.എസ്.ആർ. ഭാഗം **I** ചട്ടം **104** പ്രകാരം ടി ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹോസ്പിറ്റൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** ടിയാൻ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ടോ എന്ന വിവരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (**04.06.2025**-ലെ **[2990564] Exp.B1/684/2024-Fin** പ്രകാരം)
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (**TAXES-H1/250/2024-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 11-06-2025 11:53:39
സെക്ഷൻ ഓഫീസർ